പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.260 | 6/10/2016-ൽ മറുപടിക്ക്

## സംരക്ഷിത അദ്ധ്യാപകരുടെ സേവനം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. കെ. എം. ഷാജി<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. എൻ. ഷംസുദ്ദീൻ : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംരക്ഷിത അദ്ധ്യാപകരുടെ കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (എ) 29/01/2016 ലെ ജി. ഒ (പി) നം. 29/2016/പൊ.വി.വ പ്രകാരം സംരക്ഷണം ലഭിച്ചിട്ടുള്ള എല്ലാ അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാരേയും സംരക്ഷിക്കുന്നതിലേക്കായി പ്രസ്തുത അദ്ധ്യാപകരെ പുനർവിന്യസിച്ച് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇവരുടെ സേവനം ഏതു വിധത്തിൽ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്ന എൽ.പി/യു.പി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരെ സഹായിക്കുന്നതിനും, എസ്.എസ്.എ യുടെ കീഴിൽ പഞ്ചായത്ത് തല ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായും, ആർ.എം.എസ്.എ സ്കൂളുകളിൽ അധികം വരുന്ന ഒഴിവുകളിലും, ഐറ്റി @ സ്കൂളിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരുന്ന അദ്ധ്യാപകർക്ക് പകരമായും, പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെയും കൂടാതെ മറ്റ് അനുയോജ്യമായ ഒഴിവുകളിലും പുനർവിന്യസിച്ച് സംരക്ഷിത ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന് 05/08/2016 ലെ ജി.ഒ (പി) നം. 134/2016/പൊ.വി.വ എന്ന ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. |

(സി) ഇവരെ സർക്കാർ സ്കൂളുകളിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എയ്ഡഡ് സ്കൂളുകളിൽ നിന്ന് പുറത്തായ അദ്ധ്യാപകർക്ക് ഈ ആനുകൂല്യം ലഭിക്കുമോ?

(സി) ഇല്ല.
ഏതെങ്കിലും വിഷയത്തിൽ ജില്ലയിൽ പി.എസ്.സി ലിസ്റ്റ് ലഭ്യമല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി മുഖേന നിയമനമാകുന്നതുവരെ സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ